# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 470

## 29.01.2019 - ലെ മറുപടിയ്ക്ക്

### ട്രഷറികളുടെ നവീകരണം

| | ചോദ്യം | മറുപടി |
|---|---|---|
| | ശ്രീ.കെ.എസ്. ശബരീനാഥൻ | ഡോ. റ്റി.എം. തോമസ് ഐസക്ക്<br>ധനകാര്യവും കയറും വകുപ്പ് മന്ത്രി |
| (എ) | ട്രഷറികൾ ആധുനികവൽക്കരിക്കുന്നതിനും പ്രവർത്തനം കൂടുതൽ സുതാര്യമാക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | ട്രഷറികൾ ആധുനികവൽക്കരിക്കുന്നതുമായി ബന്ധപ്പെട്ട് രണ്ട് പദ്ധതികളാണ് നിലവിൽ നടപ്പിലാക്കി വരുന്നത്.<br>1) ഐ.എഫ്.എം.എസ് (ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം)<br>ട്രഷറി ഇടപാടുകൾ ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടുകൂടി നവീകരിക്കുന്ന പദ്ധതിയാണ് ഇത്. പൂർണ്ണമായും കടലാസ് രഹിത കറൻസി രഹിത ഇടപാടുകളിലേക്ക് മുഴുവൻ ട്രഷറി ഇടപാടുകളും മാറ്റുക എന്നതാണ് പ്രസ്തുത പദ്ധതിയുടെ ലക്ഷ്യം. ഈ സംവിധാനം നടപ്പിലായതോടുകൂടി ട്രഷറി ഇടപാടുകൾ കൂടുതൽ സുതാര്യവും വേഗത്തിലും ആയി തീർന്നു. ഇടപാടുകാർക്ക് ട്രഷറിയിൽ എത്താതെ തന്നെ സേവനങ്ങൾ ലഭിക്കുന്ന തരത്തിൽ ഓൺലൈൻ സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. സാമ്പത്തിക ഇടപാടുകളിൽ തുക നേരിട്ട് ഇടപാടുകാരുടെ അക്കൗണ്ടിൽ വരവ് വയ്ക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുള്ളതിനാൽ കറൻസിയുടെ ഉപയോഗവും പരമാവധി കുറയ്ക്കുവാൻ സാധിച്ചു.<br>2) ടി.ഐ.ഡി.പി (ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതി)<br>ഇടപാടുകാർക്ക് കൂടുതൽ ഭൗതികസൗകര്യം ഏർപ്പെടുത്തുന്നതിനായി ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതിയും നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയുടെ കീഴിൽ ട്രഷറി കെട്ടിടങ്ങൾ കൂടുതൽ ഉപഭോക്തൃ സൗഹൃദമായ രീതിയിൽ നവീകരിക്കുകയും പുനർനിർമ്മിക്കുകയും ചെയ്യുന്നു. ഈ പദ്ധതി പൂർത്തിയാകുന്നതോടു കൂടി ആധുനിക ബാങ്കിങ് ഇടപാട് സ്ഥാപനങ്ങളുമായി കിടപിടിക്കുന്ന രീതിയിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഇടപാടുകാർക്ക് ലഭ്യമാകുന്നതാണ്. |
| (ബി) | ട്രഷറികൾ കറൻസി രഹിതവും കടലാസ് രഹിതവുമാക്കുന്ന പദ്ധതി പൂർണ്ണതോതിൽ പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; | സർക്കാരിൽ നിന്നുള്ള എല്ലാ പേയ്മെന്റുകളും ഇലക്ട്രോണിക് ട്രാൻസാക്ഷൻ വഴിയാണ് ഇപ്പോൾ നടക്കുന്നത്. വരവുകളെ (Receipts) സംബന്ധിച്ച് കറൻസി രഹിത ഇടപാടുകൾ നടത്തുന്നതിനായി ഇന്റർനെറ്റ് ബാങ്കിംഗ്, ഡെബിറ്റ് കാർഡ്/ |

| | | |
|---|---|---|
| | | ക്രെഡിറ്റ് കാർഡ്, യു.പി.ഐ(UPI) എന്നീ സൗകര്യങ്ങൾ ഉപയോഗിച്ചുള്ള പണമിടപാടുകൾ നിലവിൽ സാധ്യമാണ്. ഇടപാടുകൾ കടലാസു രഹിതമാക്കുന്നതിന്റെ നടപടികൾ അന്തിമഘട്ടത്തിലാണ്. കടലാസുരഹിതമാകുമ്പോൾ പാലിക്കേണ്ട നടപടികളെ സംബന്ധിച്ച് അക്കൗണ്ടന്റ് ജനറലുമായി ചർച്ച നടത്തുകയും ആയതിനനുസരിച്ചുള്ള മാറ്റങ്ങൾ സോഫ്റ്റ് വെയറിൽ വരുത്തിയിട്ടുമുണ്ട്. അടുത്ത ധനകാര്യ വർഷം മുതൽ ട്രഷറികൾ പരമാവധി കടലാസുരഹിത സംവിധാനത്തിലേയ്ക്ക് മാറുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു. |
| (സി) | ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകൾക്ക് എസ്.എം.എസ്. അലർട്ട് സൗകര്യം ഉറപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായി നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ? | ട്രഷറി ഇടപാടുകൾക്ക് എസ്.എം.എസ് അലർട്ട് സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള ഭരണാനുമതി നല്കിയിട്ടുണ്ട്. ആയതിനു വേണ്ടി സോഫ്റ്റ് വെയറിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനുള്ള നടപടി അന്തിമഘട്ടത്തിലാണ്. SMS Gateway സംവിധാനം ഏർപ്പെടുത്തുന്നതിനായി BSNL മായി കരാറിലേർപ്പെട്ട് ഈ സംവിധാനം ഉടൻ നിലവിൽ വരുന്നതാണ്. |

**അക്കൗണ്ട്സ് ഓഫീസർ**